**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2414** **13-09-2023 - ൽ മറുപടിയ്ക്ക്**

**മായം കലർന്ന ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിപണനം നടത്തുന്നതും വിതരണം നടത്തുന്നതുമായ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതും വിഷാംശം ഉൾക്കൊള്ളുന്നതും ഭക്ഷ്യ സുരക്ഷയ്ക്ക് ഭംഗം വരുത്തി ജീവഹാനിയിലേക്ക് നയിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | Food Safety and Standards Act 2006, Food Safety Rules & Regulations 2011 എന്നിവയിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുക എന്നുള്ളതാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലക്ഷ്യം. എന്നാൽ ചട്ടങ്ങൾ പാലിക്കാതെ ഭക്ഷ്യ സുരക്ഷയ്ക്ക് ഭംഗം വരുത്തുന്ന പ്രവർത്തനങ്ങൾ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. ആയത് ഇല്ലായ്മ ചെയ്യുന്നതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/ രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിയ്ക്കൽ അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ പഠന സംബന്ധമായ സാമ്പിൾ ശേഖരിയ്ക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സ്വീകരിച്ച് വരുന്നു. |
| (ബി) | എങ്കിൽ ഭക്ഷ്യവസ്തുക്കളിലെ ഗുണനിലവാരം ഉറപ്പാക്കാതെ വിപണനം നടത്തുന്നത് തടയാനും കുറ്റക്കാർക്കെതിരെ കർശന നടപടി ഉറപ്പാക്കാനും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | ഭക്ഷ്യ സുരക്ഷാ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി **2021** ഏപ്രിൽ മുതൽ **2023** ജൂലൈ വരെ **130484** പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി **18677** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും **49967** സർവ്വയിലൻസ് സാമ്പിളുകളും ശേഖരിയ്ക്കുകയുമുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ **1246** എണ്ണം **Unsafe** ആയും **536** എണ്ണം **Substandard** ആയും **832** എണ്ണം **Misbranded** ആയും പരിശോധനാ ഫലം ലഭിയ്ക്കുകയുണ്ടായി. ആയതിൽ ആവശ്യമായ തുടർ നിയമ നടപടികൾ ഉറപ്പാക്കിയിട്ടുള്ളതാണ്. ടി കാലയളവിൽ **17355 rectification** നോട്ടീസുകളും **9893** കോമ്പൗണ്ടിംഗ് നോട്ടീസുകളും പിഴയിനത്തിൽ **4,10,54,850/-** രൂപ ഈടാക്കുകയും ചെയ്തു. പ്രസ്തുത കാലയളവിൽ **1413** അഡ്ജ്യൂഡിക്കേഷൻ കേസുകളും **939** പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി. |
| (സി) | കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ ഓരോ വർഷവും എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്രപേർക്കെതിരെ നടപടികൾ കൈക്കൊണ്ടു; | (സി) | **2021-22, 2022-23, 2023-24** സാമ്പത്തിക വർഷങ്ങളിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ളതും തീർപ്പാക്കിയിട്ടുള്ളതുമായ അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | ശേഷിക്കുന്ന കേസുകളുടെ എണ്ണം എത്ര; വിശദാംശം ലഭ്യമാക്കുമോ? | | (see tables below) |
|---|---|---|---|

| വർഷം | ഫയൽ ചെയ്ത അഡ്ജ്യൂഡിക്കേഷൻ കേസുകൾ | ഫയൽ ചെയ്ത പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| 2021-22 | 563 | 398 |
| 2022-23 | 517 | 345 |
| 2023-24 | 333 | 196 |

തീർപ്പാക്കിയ കേസുകളുടെ എണ്ണം

| വർഷം | തീർപ്പാക്കിയ അഡ്ജ്യൂഡിക്കേഷൻ കേസുകൾ | തീർപ്പാക്കിയ പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| 2021-22 | 292 | 13 |
| 2022-23 | 314 | 13 |
| 2023-24 | 70 | 7 |

ശേഷിയ്ക്കുന്ന കേസുകളുടെ എണ്ണം

| വർഷം | ശേഷിയ്ക്കുന്ന അഡ്ജ്യൂഡിക്കേഷൻ കേസുകൾ | ശേഷിയ്ക്കുന്ന പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| 2021-22 | 304 | 412 |
| 2022-23 | 285 | 374 |
| 2023-24 | 380 | 310 |

സെക്ഷൻ ഓഫീസർ